പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3493 — 25.06.2012 ൽ മറുപടിക്ക്

## പോലീസിലെ കുറ്റവാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ<br>,, വി. ഡി. സതീശൻ<br>,, ലൂഡി ലൂയിസ്<br>,, എം. എ. വാഹീദ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പോലീസ് സേനയിൽ കുറ്റവാളികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിയമന സമയത്ത് ക്രിമിനൽ കേസ്സുള്ള വരെ സർവ്വീസിൽ എടുക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ബി) കേരള ഹൈക്കോടതിയുടെ 11777/2011 നം. റിട്ട് ഹർജിയിലെ 23.03.2012 ലെ വിധി അനുസരിച്ച് കേസ്സിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെ കുറ്റവിമു ക്തമാക്കിക്കൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ചാൽ തന്നെയും ആ ഉദ്യോഗസ്ഥന്റെ സ്വഭാവം, ക്രിമിനൽ പശ്ചാത്തലം, കേസുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ സസൂക്ഷ്മം പരി ശോധിച്ച് യോഗ്യരായവരെ മാത്രം സർവ്വീസിൽ പ്രവേശിപ്പിക്കാൻ എ.ഡി. ജി.പി. (ഇന്റലിജൻസ്) ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ വെളിച്ച ത്തിൽ ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെ ട്ടിട്ടുള്ളതും വിവിധ കോടതികൾ കുറ്റ ക്കാരല്ല എന്ന് കണ്ട് തീർപ്പ് കൽപ്പിച്ചി ട്ടുള്ളതുമായ കേസിലുള്ള പോലീസ് കോൺസ്റ്റബിൾമാരുടെ പേരിൽ രജി സ്റ്റർ ചെയ്തിരുന്ന കേസിന്റെ വിധി പകർപ്പും കേസുമായി ബന്ധപ്പെട്ട മറ്റു രേഖകളും അവരുടെ സ്വഭാവവും ക്രിമിനൽ പശ്ചാത്തലവും സസൂക്ഷ്മം |

പരിശോധിച്ച് തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ടവരെ പോലീസ് സേന യിൽ തുടരുവാൻ യോഗ്യരാണെന്ന് കാണിച്ചുകൊണ്ട് ബന്ധപ്പെട്ട മേലധി കാരികൾക്ക് ഇന്റലിജൻസ് മേധാവി റിപ്പോർട്ട് നൽകുന്നു. അതിന്റെ അടി സ്ഥാനത്തിൽ തുടർ നടപടികൾ സ്വീക രിക്കുന്നു. അന്വേഷണത്തിലും വിചാ രണയിലുമിരിക്കുന്ന കേസുകളിൽ പ്രതികളായ പോലീസുകാർക്കെതിരെ അവരുടെ കേസുകൾ ബന്ധപ്പെട്ട കോടതികൾ തീർപ്പ് കൽപ്പിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി നടപടി കൾ സ്വീകരിക്കും.

സെക്ഷൻ ഓഫീസർ